| നം. | .ആർ. ഒ. നമ്പർ | നമ്പർ | തീയതി |
|---|---|---|---|
| 1 | 985/2019 | ജി.ഒ.(എം.എസ്) നം. 379/2019/ആർഡി | 18.12.2019 |
| 2 | 107/2020 | ജി.ഒ.(പി) നം. 10/2020/ആർഡി | 06.02.2020 |
| 3 | - | ജി.ഒ.(എം.എസ്) നം. 112/2020/ആർഡി | 20.03.2020 |

LIBRARY ARCHIVES Kerala Legislative Assembly

22. നിയമസഭാ സെക്രട്ടറി (ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നം. | ആക്ടിന്റെ | | |
|---|---|---|---|
| | വർഷം | നമ്പർ | പേര് |
| 1 | 2021 | 1 | ദി ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ട്, 2021 |
| 2 | 2021 | 2 | ദി കേരള അപ്രോപ്രിയേഷൻ ആക്ട്, 2021 |
| 3 | 2021 | 3 | ദി കേരള അപ്രോപ്രിയേഷൻ (വോട്ട് ഓൺ അക്കൗണ്ട്) ആക്ട്, 2021 |

11.00 എ.എം.]

## VI. ഡെപ്യൂട്ടി സ്പീക്കർ തെരഞ്ഞെടുപ്പ്

മി. സ്പീക്കർ: ഓർഡർ........... ഓർഡർ..........

പതിനഞ്ചാം കേരള നിയമസഭയുടെ ഡെപ്യൂട്ടി സ്പീക്കറായി

തെരഞ്ഞെടുക്കപ്പെടുന്നതിന് ബഹുമാനപ്പെട്ട അംഗം ശ്രീ. ചിറ്റയം ഗോപകുമാറിന്റെ പേര് നാമനിർദ്ദേശം ചെയ്തുകൊണ്ടുള്ള രണ്ട് പത്രികകൾ ലഭിച്ചിട്ടുണ്ട്. ശ്രീ. ടി. പി. രാമകൃഷ്ണൻ നിർദ്ദേശിക്കുകയും ശ്രീ. എ. കെ. ശശീന്ദ്രൻ പിന്താങ്ങുകയും ശ്രീ. കെ. രാജൻ നിർദ്ദേശിക്കുകയും ഡോ. എൻ. ജയരാജ് പിന്താങ്ങുകയും ചെയ്തിട്ടുള്ളതാണ് പത്രികകൾ. പതിനഞ്ചാം കേരള നിയമസഭയുടെ ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുക്കപ്പെടുന്നതിന് മറ്റ് പേരുകളൊന്നും നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടില്ല. പരിശോധനയിൽ ശ്രീ. ചിറ്റയം ഗോപകുമാറിന്റെ നാമനിർദ്ദേശ പത്രികകൾ നിയമാനുസൃതമാണെന്ന് കാണുന്നു. ആയതിനാൽ ശ്രീ. ചിറ്റയം ഗോപകുമാറിനെ പതിനഞ്ചാം കേരള നിയമസഭയുടെ ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുത്തതായി ഞാൻ പ്രഖ്യാപിക്കുന്നു.

നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ സ്ഥാനം ഏറ്റെടുക്കുവാൻ ശ്രീ. ചിറ്റയം ഗോപകുമാറിനെ ക്ഷണിച്ചുകൊള്ളുന്നു.

(ശ്രീ. ചിറ്റയം ഗോപകുമാർ ബഹുമാനപ്പെട്ട സ്പീക്കറെയും മുഖ്യമന്ത്രിയെയും മന്ത്രിമാരെയും പ്രതിപക്ഷനേതാവിനെയും കക്ഷിനേതാക്കളെയും വന്ദിച്ചശേഷം ഡെപ്യൂട്ടി സ്പീക്കർക്കായി നിശ്ചയിച്ചിട്ടുള്ള സ്ഥാനത്ത് ഉപവിഷ്ടനായി.)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബില്ലിന്മേൽ അമെന്റ്മെന്റ് കൊടുക്കേണ്ട സമയം ഇന്ന് 3.00 മണിവരെയാണ്. ഏകദേശം ഒന്നര മണി വരെ സഭ സമ്മേളിക്കുന്നതിനാൽ സമയം തീരെ പര്യാപ്തമല്ല. ഒരു ദിവസത്തെ സമയമെങ്കിലും നൽകേണ്ടതാണ്.

മി. സ്പീക്കർ: അക്കാര്യം പരിശോധിക്കാം.

ഓർഡർ... ഓർഡർ.... ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ചയുടെ തുടർച്ചയാണ്. അംഗങ്ങൾ സമയം കർശനമായി പാലിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

## VII. ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

ഡോ. കെ. ടി. ജലീൽ: സർ, രണ്ടാം പിണറായി സർക്കാരിനുവേണ്ടി ബഹുമാന്യനായ കേരള ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിനെ അനുകൂലിച്ച് കേരളത്തിന്റെ മുൻ ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച നന്ദിപ്രമേയത്തെ സർവ്വാത്മനാ ഞാൻ പിന്തുണയ്ക്കുകയാണ്. ഒരു സർക്കാരിന്റെ നയപ്രഖ്യാപനം ആ സർക്കാരിന്റെ കുതിപ്പിന്റെ മാർഗ്ഗരേഖയാണ്. വ്യക്തമായ കാഴ്ചപ്പാടില്ലാതെ ഒരു സർക്കാരിന്

LIBRARY ARCHIVES Kerala Legislative Assembly